**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആ.വ.ഡ. - വിജിലൻസ് - പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I ആയ ശ്രീ. ലെവൻ. എം (PEN: 330749) ഡ്യൂട്ടി സമയത്ത് മദ്യപിച്ച് ബഹളം വെക്കുകയും, ജില്ലാ മെഡിക്കൽ ഓഫീസറോട് അപമര്യാദയായി പെരുമാറുകയും ചെയ്തതിനെ തുടർന്ന് അഗളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തത്- ശ്രീ. ലെവൻ. എം - നെ അച്ചടക്ക നടപടിയ്ക്കും തുടരന്വേഷണത്തിനും വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കത്ത് നമ്പർ എ6/6871/2025/ജി.മെ.ആ.(ആ) പാലക്കാട്, തീയതി 06/11/2025 & 21/11/2025.

**ഉത്തരവ് നമ്പർ ആ.വ.ഡ./28161/2025-ഇസി.1, തീയതി: 25-11-2025**

പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 05/11/2025 ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ യോഗ നടപടികൾ നടന്നുകൊണ്ടിരിക്കെ, പ്രസ്തുത സ്ഥാപനത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I ആയ ശ്രീ. ലെവൻ. എം (PEN: 330749) മദ്യപിച്ച് വരികയും, ബഹളം വെക്കുകയും, ജില്ലാ മെഡിക്കൽ ഓഫീസറോട് അപമര്യാദയായി പെരുമാറുകയുമുണ്ടായെന്നും, തുടർന്ന് ടി ആശുപത്രി സൂപ്രണ്ട് അഗളി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ Cr 385/2025 u/s 118 (a) of Kerala Police Act, 2011 പ്രകാരം, 05/11/2025 ന് ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്തതായും

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ജീവനക്കാർ, അവരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണ സമയത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് **1960**-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ, ചട്ടം **93 B**-യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒരു സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ, ടിയാന്റെ മേൽ പ്രവൃത്തി ഗുരുതരമായ അച്ചടക്കലംഘനവും, ഔദ്യോഗിക സ്വഭാവ ദൂഷ്യവും, സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടലംഘനവും ആകയാൽ, പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - **I** ആയ ശ്രീ. ലെവൻ. എം (PEN: 330749) നെ 1960- ലെ കെ. സി. എസ്. (സി.സി.& എ) ചട്ടം 10 (1) (a) പ്രകാരം, അച്ചടക്ക നടപടിയ്ക്കും തുടർ അന്വേഷണത്തിനും വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവണ്ണം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. ലെവൻ. എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I ന് സസ്പെൻഷൻ കാലയളവിൽ, കെ.എസ്.ആർ. പാർട്ട് I റൂൾ 55 പ്രകാരം ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signed by
Reena K J
Date: 25-11-2025 16:59:44

ഡോ. റീന. കെ. ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ശ്രീ. ലെവൻ. എം,
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - **I**,

സാമൂഹികാരോഗ്യ കേന്ദ്രം, അഗളി,

പാലക്കാട് ജില്ല

(ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട് മുഖാന്തിരം)

പകർപ്പ്:-

1 ) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്. (3 പകർപ്പ് അയയ്ക്കുന്നു. 2 പകർപ്പ് ശ്രീ. ലെവൻ. എം, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I ന് നൽകി, ആയതിൽ ഒരെണ്ണത്തിൽ ടിയാന്റെ തീയതിയോടുകൂടിയ കയ്യൊപ്പ് സഹിതം തിരിച്ചയച്ചു തരേണ്ടതാണ്).

2) സൂപ്രണ്ട്, സാമൂഹികാരോഗ്യ കേന്ദ്രം, അഗളി, പാലക്കാട് ജില്ല.

3) സീനിയർ സൂപ്രണ്ട്, ഇ. ജി. സെക്ഷൻ.

4) ഫയൽ / കരുതൽ ഫയൽ.